## മുതിർന്നവർക്കായുള്ള ശബ്ബത്ത് സ്കൂൾ പാഠങ്ങൾ

# കാര്യവിചാരകത്വത്തിന്റെ ആന്തരോദ്ദേശ്യം

ജോൺ എച്ച്. എച്ച്. മാത്യൂസ്

1-ാം ക്വാർട്ടർ
(ജനുവരി, ഫെബ്രുവരി, മാർച്ച്)
2018

വിവർത്തനം : ജെയിംസ് ഡേവിഡ്

# ഉള്ളടക്കം

1. ഭൗതികതയുടെ സ്വാധീനം - ഡിസംബർ 30 - ജനുവരി 5 ............................ 5

2. കാണുന്നു, ആഗ്രഹിക്കുന്നു, എടുക്കുന്നു - ജനുവരി 6-12 ............................. 12

3. ദൈവമോ മാമ്മോനോ? - ജനുവരി 13-19 ............................................................. 19

4. ലൗകികതയിൽനിന്നും മോചനം - ജനുവരി 20-26 ........................................... 27

5. എദനുശേഷമുള്ള കാര്യവിചാരകർ - ജനുവരി 27 - ഫെബ്രുവരി 2 ........ 34

6. കാര്യവിചാരകന്റെ ലക്ഷണങ്ങൾ - ഫെബ്രുവരി 3-9 ..................................... 42

7. ദൈവത്തോടുള്ള വിശ്വസ്തത - ഫെബ്രുവരി 10-16 ......................................... 50

8. ദശാംശാർപ്പണത്തിന്റെ അനന്തരഫലം - ഫെബ്രുവരി 17-23 ........................ 57

9. കൃതജ്ഞതയുടെ വഴിപാടുകൾ - ഫെബ്രുവരി 24 - മാർച്ച് 2 .................... 65

10. കാര്യവിചാരകത്വത്തിന്റെ പങ്ക് - മാർച്ച് 3-9 ..................................................... 73

11. കടം : ഒരു ദൈനംദിന തീരുമാനം - മാർച്ച് 10-16 ............................................. 81

12. കാര്യവിചാരകന്റെ ശീലങ്ങൾ - മാർച്ച് 17-23 ................................................... 89

13. കാര്യവിചാരകത്വത്തിന്റെ ഫലങ്ങൾ - മാർച്ച് 24-30 ......................................... 97

# ക്രിസ്തീയ കാര്യവിചാരകന്റെ ജീവിതം

മാറ്റത്തെക്കുറിച്ച് ചിന്തിക്കുന്നതിനു മുൻപ് ഒരു ക്രിസ്ത്യാനി അവന്റെ പാപാവസ്ഥയെ തിരിച്ചറിയണം. നമ്മെ പൂർണ്ണമായി മാറ്റുവാൻ ക്രിസ്തുവിനു മാത്രമേ സാധിക്കുകയുള്ളൂ. നമ്മിൽ മാറ്റത്തെ കൊണ്ടുവരുന്നതിനായി യേശു ഉപയോഗിക്കുന്ന ഒരു തലമാണ് കാര്യവിചാരകത്വം. ക്രിസ്ത്യാനിയുടെ ജീവിതത്തിന്റെ ബഹുവിധമായ വശങ്ങളെ വലയം ചെയ്തു കിടക്കുന്ന ഒന്നാണ് കാര്യവിചാരകത്വം എങ്കിലും വ്യക്തവും അവ്യക്തവുമായ നമ്മുടെ സമ്പാദ്യങ്ങളെ ദൈവനാമ മഹത്വത്തിനായി എങ്ങനെ ഉപകാരപ്പെടുത്താം എന്ന വിശാലമായ ഒരു നിർവചനത്തെക്കുറിച്ചാണ് നാം ഈ ക്വാർട്ടറിൽ പഠിക്കുന്നത്.

ഐഹിക ഭോഗാസക്തി എന്ന അപകടത്തിനെതിരെയുള്ള ശക്തമായ അനേകം ആയുധങ്ങളിൽ ഒന്നായിട്ടാണു വേദപുസ്തകം കാര്യവിചാരകത്വത്തെ അവതരിപ്പിക്കുന്നത്. ശത്രു നമുക്കു മുൻപിൽ വയ്ക്കുന്ന ഏറ്റവും വലിയ ആത്മീയ കെണിയാണ് ലൗകികത അഥവാ ഐഹികഭോഗാസക്തി. സമ്പത്ത്, ആസ്തി എന്നിവ വിലകുറഞ്ഞതും കൃത്രിമവും ക്രമേണ സ്വാദ് നഷ്ടപ്പെടുന്നതുമായ രുചിക്കൂട്ടുകളാണെന്ന വസ്തുത മനസിലാക്കുവാൻ അനേകരും പരാജയപ്പെടുന്നു. ലോകത്തോടുള്ള ബന്ധത്തെ മുറിച്ചെറിയുന്നതിൽ പരാജയപ്പെട്ടു എന്ന കാരണത്താൽ അനേകരും, നിർഭാഗ്യവശാൽ, തങ്ങളുടെ നിത്യജീവനെ നഷ്ടപ്പെടുത്തും. "ജഡ മോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം" (1 യോഹ. 2:16) എന്നീ ലൗകിക വഴികളെ അതിജീവിക്കുവാനും ഒഴിവാക്കുവാനും കാര്യവിചാരകതത്വങ്ങൾ അനുസരിച്ചു ജീവിക്കുന്നവർക്കു സാധിക്കും.

അതിനായാണ് ഈ ക്വാർട്ടറിൽ കാര്യവിചാരകത്വത്തെക്കുറിച്ചും ദൈവം ആഗ്രഹിക്കുന്നതുപോലെ എങ്ങനെ അതിൻപ്രകാരം ജീവിക്കുവാൻ സാധിക്കും എന്നതിനെക്കുറിച്ചും നാം ചിന്തിക്കുന്നത്. അങ്ങനെയുള്ള ജീവിതം ലോക സ്നേഹത്തിൽനിന്നും സ്വതന്ത്രമാണ്. ദിനംതോറുമുള്ള ക്രിസ്തു അനുഗമനമാണ് കാര്യവിചാരകത്വം. ദൈവത്തോടുള്ള നമ്മുടെ സ്നേഹത്തിന്റെ പ്രകടനമാണത്. ക്രിസ്തുവിൽ നമുക്ക് ലഭിച്ചിരിക്കുന്ന മഹനീയമായ സത്യത്തിന്റെ പ്രായോഗിക സാക്ഷാത്കാരമാണത്. മുന്നമേ ദൈവം നമ്മെ അകൃത്യങ്ങളെ കണക്കിടാതെ സ്നേഹിച്ചു എന്നതിലാണ് നാം കാര്യവിചാരകന്മാരായിരിക്കുന്നത്.

കാര്യവിചാരകന്റെ ജീവിതത്തിൽ മനോഭാവം, മാനസാന്തരം, സമർപ്പണം, ആത്മനിയന്ത്രണം എന്നിവയും അവയിലധികവും ഉൾപ്പെടുന്നു. നാം ദൈവത്തിന്റെ വിശ്വസ്തരും വിശ്വാസയോഗ്യരുമായ ദാസന്മാരായിരിക്കണം. നമ്മുടെ പ്രവൃത്തിയും സംസാരവും എല്ലാം നിസ്വാർത്ഥമായ ജീവിതങ്ങളിലൂടെ നമ്മെ ക്രിസ്തുവിനോടു ബന്ധിപ്പിക്കുന്നു. നീതിപൂർവമായ ജീവിതത്തിന്റെ സംതൃപ്തിയാണ് കാര്യവിചാരകത്വത്തിന്റെ പരിണിതഫലം എന്ന കാര്യം ക്രിസ്തുവാകുന്ന വിദ്യാലയത്തിൽ നാം പഠിക്കുന്നു. ദൈവം നമ്മെ ഏല്പിച്ചിരിക്കുന്ന സമ്പാദ്യങ്ങളെ അവന്റെ നാമ മഹത്വത്തിനും വേലയുടെ പൂർത്തീകരണത്തിനുമായി എങ്ങനെ ഉപയോഗിക്കാം എന്ന് നാം പഠിക്കേണ്ടിയിരിക്കുന്നു.

ദൈവത്തിന്റെ കാര്യസ്ഥന്മാർ ഇപ്പോൾ 'കണ്ണാടിയിൽ കടമൊഴിയായി' മാത്രമേ കാണുന്നുള്ളൂ എങ്കിലും ക്രിസ്തു സകലതും വ്യക്തമായി കാണുന്നുണ്ട്. (1 കൊരി. 13:12). അവന്റെ വേല അവൻ നമ്മെ ഭരമേല്പിച്ചിരിക്കുന്നു. ഈ ലോകത്തിന്റെ മൂടൽമഞ്ഞിലും വശീകരണതയിലും നമ്മുടെ താലന്തുകൾ, സമ്പത്തുകൾ, ആരോഗ്യം, പരിസ്ഥിതി എന്നിവയെ ഉചിതമായി പരിപാലിക്കുവാനുള്ള ഉത്തവാദിത്വം നമുക്കുണ്ട്. ഇവയെ പഠിപ്പിക്കുന്നതിനായിട്ടാണ് ഈ പാഠങ്ങളെ അണിയിച്ചൊരുക്കിയിരിക്കുന്നത്. ഈ ഉത്തരവാദിത്വങ്ങളെ നമുക്കെങ്ങനെ ദൈവകൃപയാൽ നിറവേറ്റാൻ കഴിയും എന്നും ഈ പാഠങ്ങൾ നമുക്കു പറഞ്ഞുതരുന്നു. രക്ഷയിലേക്കു നയിക്കപ്പെടുന്നതിനായിട്ടല്ല, രക്ഷിക്കപ്പെട്ടിരിക്കുന്നതിനാലാണ് ഇവയെ നിറവേറ്റുവാൻ നാം ശ്രമിക്കുന്നത്.

ക്രിസ്തീയ കാര്യവിചാരകന്മാർ എന്ന നിലയിൽ നമ്മുടെ ജീവിതങ്ങൾ ദൈവീക സ്വഭാവത്തെ പ്രതിഫലിപ്പിക്കുന്നു. വേദപുസ്തക തത്വങ്ങൾക്കുവേണ്ടി നിലകൊള്ളുവാൻ ധൈര്യപ്പെടുന്നവരുടെ ജീവിതങ്ങളിൽ മനോഹാരിതയും സന്തോഷവും ദൈവീകത്വവും ഉണ്ട്. ഇവ ലൗകീക സംസ്കാരത്തിനും രീതികൾക്കും എതിരെ നിൽക്കുവാൻ വിശേഷാൽ നമ്മെ സഹായിക്കുന്നു. അധാർമ്മിക ജീവിതം നയിക്കുന്നതിനായാണ് എല്ലാവരും പ്രലോഭിപ്പിക്കപ്പെടുന്നത്. ഈ പ്രലോഭനങ്ങൾ നിഗൂഢമായും സ്പഷ്ടമായും നമുക്കുചുറ്റുമുണ്ട്. ക്രിസ്ത്യാനികളായ നമുക്കു ഇവയെ അതിജീവിക്കുകയും ഇവയിൽനിന്നും മോചനം പ്രാപിക്കുകയും ചെയ്യുവാനുള്ള ശക്തിയുണ്ട്.

താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് തീർച്ചയായും നാം ശ്രവിക്കുവാൻ പോകുകയാണ്: "ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടു പോകുവിൻ."(മത്താ. 7:23) "നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു; ഞാൻ നിന്നെ അധികത്തിനു വിചാരകനാക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്ക." (മത്താ. 25:23).

"യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്ക" എന്ന ഇമ്പകരമായ ശബ്ദം കേൾക്കുവാൻ നിങ്ങൾക്കും ഇടയാകട്ടെ എന്നു ഞങ്ങൾ പ്രത്യാശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഈ പാഠങ്ങൾ അതിനായി നിങ്ങളെ സഹായിക്കട്ടെ.